പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:*563 27/10/2016 - ൽ മറുപടിയ്ക്ക്

**<u>സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, പി.ടി. തോമസ്<br>,, കെ.എസ്.ശബരീനാഥൻ<br>,, ഐ.സി.ബാലകൃഷ്ണൻ | പ്രൊ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(എ) യും (ബി) യും

സർക്കാർ സ്കൂളുകളെ ആകർഷകമാക്കിക്കൊണ്ട് വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാനാണ് പദ്ധതി ഇട്ടിട്ടുള്ളത്. മികച്ച പാഠ്യ പദ്ധതി, ഫലപ്രദമായ പാഠ്യപദ്ധതി വിനിമയം, ആകർഷകമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതാണ്. ഇതിനായുള്ള കർമ്മ പദ്ധതികൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പ് രൂപം നൽകി വരുന്നു. വിദ്യാർത്ഥികളുടെ എണ്ണം കൂട്ടുന്നതിന്റെ ഭാഗമായി എസ്.എസ്.എ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനും 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക് ആക്കാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വിവിധ തലങ്ങളിലായി നടക്കുന്ന സമഗ്ര വിദ്യാലയാസൂത്രണത്തിലൂടെ ഇത് നിർവ്വഹിക്കുന്നതാണ്. പഠന പരിപോഷണ പരിപാടി, കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്ന ഗണിതം എന്നീ വിഷയങ്ങൾക്കുള്ള 'എന്റെ മലയാളം', 'ഗണിത സൗഹൃദം' എന്നീ സവിശേഷ പദ്ധതികളും ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പദ്ധതിയും നടപ്പിലാക്കി

വരുന്നു. വയനാട്ടിൽ ആദിവാസി മേഖലയിൽ ഊരുകൂട്ടം കേന്ദ്രീകരിച്ച് സവിശേഷമായ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ എന്ന പേരിൽ ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ കുട്ടികളുടെ പഠന താല്പര്യം വർദ്ധിപ്പിച്ച് മികവിലേയ്ക്ക് ഉയർത്തുന്നതിന് ശാസ്ത്രോത്സവങ്ങൾ, ഗണിതോത്സവങ്ങൾ, യാത്രകൾ, അധ്യാപകരുടെ പഠന സംഘങ്ങൾ, ക്യാമ്പുകൾ, അധ്യാപക പരിശീലനം തുടങ്ങിയവ സംഘടിപ്പിക്കുന്നു. രക്ഷിതാക്കളിലും സമൂഹത്തിലും പൊതുവിദ്യാഭ്യാസത്തിന്റെ ഗുണകരമായ തലങ്ങളെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിന് ശില്പ ശാലകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, പ്രചരണ പരിപാടികൾ തുടങ്ങിയ സംഘടിപ്പിച്ചു വരുന്നു. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നവനീതം എന്ന പേരിൽ സംസ്ഥാനത്തെ 389 സ്കൂളുകളിലും സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി, സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും അക്കാഡമിക് നിലവാരം ഉയർത്തുവാനും എന്തെല്ലാം നടപടികളാണ് കൈകൊള്ളുന്നതെന്ന് വിശദീകരിക്കമോ?

(സി) സ്കൂളുകളിൽ സബ്ജക്ട് കൗൺസിൽ, സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് എന്നിവ ചേർന്ന് കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുകയും മെച്ചപ്പെട്ട പഠനം ഉറപ്പ വരുത്തുന്നതിനായി പ്രവർത്തനാസൂത്രണം നിർവ്വഹിക്കുകയും ചെയ്യുന്ന കാര്യം പരിഗണനയിലുണ്ട്. ഇതിന്റെ ഭാഗമായി സ്കൂളുകൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ തീരുമാനിക്കാൻ കഴിയും. പഞ്ചായത്ത് തലത്തിൽ ഭരണ സമിതിയുമായി സഹകരിച്ച് പ്രാദേശിക ബോധവൽക്കരണ പരിപാടികളും എസ്.എസ്.എ നടപ്പിലാക്കുന്നുണ്ട്. കൂടാതെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സർക്കാർ സ്കൂളുകളിലെ

1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം, സൗജന്യ ടെക്സ്റ്റ് ബുക്ക് എന്നിവ നൽകിയും കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും എസ്.എസ്.എ നടപ്പിലാക്കിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 1100 വൊക്കേഷണൽ ലാബുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി വകുപ്പിൽ നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനു വേണ്ടി 'എല്ലാ സ്കൂളുകളും മികവിലേയ്ക്ക്' എന്ന മുദ്രാവാക്യവുമായി മിഷൻ 100 പദ്ധതി പുരോഗതിയിലാണ്.

Sreedevi

സെക്ഷൻ ഓഫീസർ